# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**08/10/2023** | **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** **STD - XI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

| | | |
|---|---|---|
| * വിശുദ്ധി | * ബൈബിൾ | * വി. അഗസ്റ്റിൻ |
| * വി. മരിയ ഗോരേത്തി | * ആത്മാവബോധം | * ജീവിതലക്ഷ്യം |
| * താൽമൂദ് | * വ്യക്തിത്വം | * വി. ബേസിൽ |
| * മാഹാത്മാഗാന്ധി | * പരിശുദ്ധാത്മാവ് | * സമഗ്രവിമോചനമാണ് |
| * ദൈവപുത്ര അവബോധം | * ഫ്ളാവീയൂസ് ജൊസേഫൂസ് | * വി. ജാന്ന ബെറേത്ത മോള |

1. ഒരു സ്ത്രീ, ഭാര്യ, അമ്മ എന്ന നിലയിലും ഡോക്ടർ എന്ന നിലയിലും ജീവനെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്ത വിശുദ്ധ ആര്?
2. മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണായകശക്തി ഏത്?
3. ഈശോയുടെ ജീവിതത്തെ മുഴുവൻ സ്വാധീനിച്ചിരുന്ന ശക്തി ഏത്?
4. ഒരു വ്യക്തിയെ അവന്റെ വ്യക്തിത്വവളർച്ചയിലേക്കു നയിക്കുന്ന പ്രധാന ഘടകം.
5. തന്റെ 33-ാം വയസ്സിൽ ഈശോയെ കണ്ടെത്തിയപ്പോൾ ലൗകികതയുടെ കൊടുമുടിയിൽനിന്ന് ആത്മീയതയുടെ വിഹായസ്സിലേക്ക് പറന്നുയർന്നതാര്?
6. ഈശോയുടെ ജീവിതത്തെക്കുറിച്ച് വ്യക്തമായ തെളിവുകൾ നൽകുന്ന 'യഹൂദ പൗരാണികത്വം' എന്ന ചരിത്രഗ്രന്ഥത്തിന്റെ രചയിതാവ് ആര്?
7. യഹൂദരുടെ നിയമസംഹിതയും വ്യാഖ്യാനവുമടങ്ങിയ ഗ്രന്ഥം.
8. മനുഷ്യന്റെ ........... ഈശോ നൽകുന്ന രക്ഷ.
9. ഒരു വ്യക്തിയുടെ പെരുമാറ്റത്തേയും ചിന്തയേയും നിർണയിക്കുന്ന ശാരീരികവും മാനസികവുമായ ക്രമവത്കരണത്തെ പറയുന്നതെന്ത്?
10. പിതാവിന്റെ ഇഷ്ടം നിറവേറ്റുകയായിരുന്നു ഈശോയുടെ.............

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6

11. ക്രിസ്തീയ വ്യക്തിത്വത്തിന് അടിസ്ഥാനമായ മൂന്നു പ്രധാന ഘടകങ്ങൾ ഏവ?
12. അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ എന്നാൽ എന്ത്?

13. മനുഷ്യന് തന്റെ ജീവൻ പങ്കുവച്ചതിലൂടെ ദൈവം അവനിൽ നിക്ഷേപിച്ച വലിയ ഉത്തരവാദിത്വം എന്ത്?

14. മനഃസാക്ഷിയുടെ സ്വരം ദൈവത്തിന്റെ സ്വരമായി തീരുന്നത് എപ്പോൾ?

15. ഈശോയെ അനുകരിച്ച് ജീവിക്കുന്നതിന് ആവശ്യമായ ദൈവിക ശക്തി നമുക്കു നൽകുന്ന പ്രധാന ഘടകങ്ങൾ ഏവ?

16. ദൈവദർശനം, ആത്മദർശനം, ജ്ഞാനദർശനം, മനുഷ്യദർശനം, ലോകദർശനം, സ്വർഗദർശനം. ക്രിസ്തീയ ജീവിതദർശനത്തിന്റെ തലങ്ങളിൽ പെടാത്തവയെ കണ്ടെത്തി എഴുതുക.

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

17. ‘‘ജീവന്റെ ഉത്ഭവത്തെ സംബന്ധിച്ചുള്ള ബൈബിളിന്റെയും ശാസ്ത്രത്തിന്റെയും വീക്ഷണങ്ങൾ പരസ്പര വിരുദ്ധങ്ങളായി കാണേണ്ടതില്ല.’’ എന്തുകൊണ്ട്?

18. “മനഃസാക്ഷിയുടെ പ്രവർത്തനത്തിന് സ്വാതന്ത്ര്യം ആവശ്യമുണ്ട്.” എന്തുകൊണ്ട്?

19. ഈശോയെ ‘ലോകരക്ഷകൻ’ എന്നു വിളിക്കുന്നത് എന്തുകൊണ്ട്?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8

20. വി. യൗസേപ്പിതാവിനോടുള്ള ജപം (ചെറുത്) എഴുതുക.

21. ‘വിശുദ്ധീകരിക്കുക’ എന്ന കൂദാശകളുടെ ദൗത്യത്തിന് രണ്ട് മാനങ്ങളുണ്ട് അവ ഏതെല്ലാം?

22. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 34:14 “തിന്മയിൽ നിന്നകന്നു........”

23. 2023–2024 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം ‘നന്മയിൽ വളരാം’ എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന ‘വൃത്താകൃതിയിൽ 14 ആൾരൂപങ്ങളും തുറന്നിരിക്കുന്ന ഗ്രന്ഥങ്ങളും’ എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

24. “ഇനിമേൽ ഞാനല്ല ജീവിക്കുന്നത്; ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്.” (ഗലാത്തിയ 2:20) ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ബോധ്യപ്പെട്ട നിങ്ങൾക്ക് ജീവിതംകൊണ്ട് വി. പൗലോസിനെ പോലെ ഇപ്രകാരം പറയാൻ സാധിക്കുമോ? അഞ്ചാം പാഠത്തെ ആസ്പദമാക്കി ഒരു ലേഖനം എഴുതുക.

25. മണിപ്പൂർ കലാപത്തിൽ നിരവധി ക്രൈസ്തവ ദൈവാലയങ്ങളും സ്ഥാപനങ്ങളും തകർക്കപ്പെട്ടതായും ക്രൈസ്തവർ വധിക്കപ്പെട്ടതായും അറിയുന്നു. വിശ്വാസത്തെപ്രതി വിവിധതരത്തിൽ രക്തസാക്ഷികളാകേണ്ടിവരുന്ന നമ്മുടെ സഹോദരങ്ങളോട് ഏതെല്ലാം വിധത്തിൽ ഐക്യദാർഢ്യം പുലർത്താൻ നമുക്കോരുത്തർക്കും സാധിക്കും?

| 26. ഇന്റേണൽ അസസ്സ്മെന്റ്: | 10 |
|---|---|
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | |

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/10/2022** **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** **STD - XI** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 1X5=5

1. "ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു".

   1. ജറെമിയ 45:10 2. സങ്കീർത്തനങ്ങൾ 44:15 3. ഏശയ്യാ 49:16

2. ഈശോയെക്കുറിച്ച് എഴുതപ്പെട്ടതും എന്നാൽ സഭ ഔദ്യോഗികമായി അംഗീകരിക്കാത്തതുമായ ഗ്രന്ഥങ്ങളാണ്

   1. അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ 2. അപ്പസ്തോല പുസ്തകങ്ങൾ
   3. കാനോനിക ഗ്രന്ഥങ്ങൾ

3. "നസ്രായനായ ഈശോയെ എന്റെ രക്ഷകനാണെന്ന് കണ്ടെത്തിയതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തം". ആരുടെ വാക്കുകൾ?

   1. വില്യം ടെമ്പിൾ 2. എബ്രഹാം മാസ്ലോവ് 3. വില്യം ആമ്പിയർ

4. "ചെറിയ അജഗണമേ, ഭയപ്പെടേണ്ട. എന്തെന്നാൽ, നിങ്ങൾക്കു -----. നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു". (ലൂക്കാ 12:32)

   1. നിത്യജീവൻ 2. രക്ഷ 3. രാജ്യം

5. വി. ഇഗ്നേഷ്യസ് വി. കുർബാനയെ വിശേഷിപ്പിക്കുന്നത് എങ്ങനെ?

   1. അമർത്യതയുടെ ദിവ്യൗഷധം 2. സ്നേഹത്തിന്റെ പൂർത്തീകരണം
   3. കൃപയുടെ നീർച്ചാൽ

## B. പൂരിപ്പിക്കുക 1X5=5

6. മനഃസാക്ഷിയെക്കുറിച്ച് പ്രതിപാദിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയാണ് --------.
7. ------ നിറവേറ്റുകയായിരുന്നു ഈശോയുടെ ജീവിതലക്ഷ്യം.
8. -------- വഴിയാണ് പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിക്കാനും ശക്തി നേടാനും നമുക്ക് സാധിക്കുന്നത്.
9. ------ ആണ് ജീവസംസ്കാരത്തിന്റെ പിള്ളത്തൊട്ടിൽ.
10. പാപത്തെ ------ പാപിയെ ------ ചെയ്യുക എന്നുള്ള മനോഭാവം ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതയും സ്നേഹത്തിന്റെ ഉദാത്തഭാവവുമാണ്.

**C. മൂന്നോ നാലോ വാചകങ്ങളിൽ ഉത്തരമെഴുതുക** **2X7=14**

11. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം ദൈവസ്നേഹമാണ്. വിശദമാക്കുക.
12. ഈശോയെ അറിയാൻ അവസരം ലഭിക്കാത്തവർ രക്ഷ പ്രാപിക്കുന്നത് എങ്ങനെ?
13. ക്രിസ്ത്യാനി മറ്റൊരു ക്രിസ്തുവാണ് എന്നുപറയുന്നതിന്റെ അർത്ഥമെന്താണ്?
14. ഈശോ തിന്മയ്ക്കെതിരെ പോരാടിയ വ്യക്തിയാണ്. വിശദമാക്കുക.
15. ജപമാലസമർപ്പണം എഴുതുക.
16. ശരിയായ ക്രൈസ്തവ മനഃസാക്ഷിയെ രൂപീകരിക്കാൻ വിശ്വാസികൾക്ക് വഴികാട്ടിയാകുന്ന സഭാപ്രബോധനങ്ങൾ ഏതെല്ലാം?
17. 2022–2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ഒപ്പം നടക്കാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'സൂര്യൻ' എന്തിനെ സൂചിപ്പിക്കുന്നു? വിശദമാക്കുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക** **5X2=10**

18. ക്രിസ്തീയവ്യക്തിത്വം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ക്രിസ്തീയവ്യക്തിത്വം വളർത്തിയെടുക്കാൻ നാം ശ്രദ്ധിക്കേണ്ട മൂന്നു കാര്യങ്ങൾ ഏതെല്ലാം? വിവരിക്കുക.
19. എന്താണ് ഉത്തമ മനഃസാക്ഷി? ഉത്തമ മനഃസാക്ഷി രൂപീകരണത്തിന്റെ ആവശ്യകതയെന്ത്?
20. ക്രിസ്തീയജീവിതമനോഭാവത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

**E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 6X1=6**

21. ഈശോയെപ്പോലെ ലോകചരിത്രത്തെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരു വ്യക്തിയില്ല. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ ഏതെല്ലാം? വിവരിക്കുക.
22. മൊബൈൽ ഫോണിന്റെ ഉപയോഗം അസാധാരണമാംവിധം വർദ്ധിച്ചുവരുന്നുണ്ടല്ലോ. ഇതിന് അഡിക്ട് ആകുന്നവരുമുണ്ട്. ഇവയുടെ ഉപയോഗം നിയന്ത്രിക്കാനും അഡിക്ട് ആകാതിരിക്കാനുംവേണ്ടി എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾക്ക് ചെയ്യുവാൻ സാധിക്കുകയെന്ന് വിവരിക്കുക.

23. ഇന്റേണൽ അസസ്സ്മെന്റ്: 10

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

## STD XI

### A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ഏശയ്യാ 49:16 (പാഠം 5, പേജ് 38, പാര. 2)
2. അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ (പാഠം 2, പേജ് 18, പാര. 3)
3. വില്യം ആമ്പിയർ (പാഠം 1, പേജ് 9)
4. രാജ്യം (ലൂക്കാ 12:32) (ബൈബിൾ)
5. അമർത്യതയുടെ ദിവ്യൗഷധം (സത്യദീപം, ജൂൺ 8, പേജ് 9)

### B. പൂരിപ്പിക്കുക

6. സഭ ആധുനികലോകത്തിൽ (പാഠം 6, പേജ് 42)
7. പിതാവിന്റെ ഇഷ്ടം (പാഠം 3, പേജ് 23, പാര. 2)
8. പ്രാർത്ഥന (പാഠം 6, പേജ് 46, പാര. 1)
9. കുടുംബങ്ങൾ (പാഠം 7, പേജ് 54, പാര. 5)
10. വെറുക്കുകയും, സ്നേഹിക്കുകയും (പാഠം 3, പേജ് 24, പാര. 3)

### C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക

11. പാഠം 5, പേജ് 39, പാര. 4
12. പാഠം 1, പേജ് 13, പാര. 1
13. പാഠം 4, പേജ് 33, പാര. 3
14. പാഠം 3, പേജ് 25)
15. ജപമാലസമർപ്പണം
16. പാഠം 6, പേജ് 47, പാര. 1
17. ലോഗോ

### D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.

18. പാഠം 4, പേജ് 31-33
19. പാഠം 6, പേജ് 44-45
20. പാഠം 5, പേജ് 38-39

### E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക.

21. പാഠം 3
22.